അസർബൈജാനിലെ ബാകുവിൽ നടന്ന 7-ാമത് CICA ഉച്ചകോടിയിൽ ഇന്ത്യ പങ്കെടുത്തു

2026 ഒക്ടോബർ 15-ന് അസർബൈജാനിലെ ബാകുവിൽ നടന്ന കോൺഫറൻസ് ഓൺ ഇന്ററാക്ഷൻ ആൻഡ് കോൺഫിഡൻസ് ബിൽഡിംഗ് മെഷേഴ്സ് ഇൻ ഏഷ്യ(CICA)-യുടെ 7-ാമത് ഉച്ചകോടിയിൽ, ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ സഹമന്ത്രി ശ്രീ കീർത്തി വർദ്ധൻ സിംഗ് നയിച്ചു. ഏഷ്യയിൽ പ്രാദേശിക സഹകരണം ആഴത്തിലാക്കുന്നതിനെക്കുറിച്ചും, പരസ്പര വിശ്വാസം വളർത്തുന്നതിനെക്കുറിച്ചും, സമാധാനം പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്യുന്നതിനായി 7-ാമത് CICA ഉച്ചകോടിയിൽ അംഗരാജ്യങ്ങൾ ഒത്തുചേർന്നു.

2. പ്ലീനറി സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട്, 'വസുധൈവ കുടുംബകം' എന്ന ഇന്ത്യയുടെ മാർഗ്ഗദർശക തത്വത്തെയും, എല്ലാവരെയും ഉൾക്കൊള്ളുന്നതും സമവായത്തിലൂന്നിയതുമായ ബഹുരാഷ്ട്ര സഹകരണം വളർത്തുന്നതിനുള്ള ഇന്ത്യയുടെ ഉറച്ച പ്രതിബദ്ധതയെയും സഹമന്ത്രി എടുത്തുപറഞ്ഞു. CICA പ്രവർത്തനങ്ങളിൽ ഇന്ത്യയുടെ സജീവ പങ്കാളിത്തം എടുത്തുപറഞ്ഞ MoS, എല്ലാത്തരം ഭീകരവാദത്തിനുമെതിരെ ഒറ്റക്കെട്ടായി അണിനിരക്കാൻ CICA അംഗരാജ്യങ്ങളോട് ആഹ്വാനം ചെയ്തു. എല്ലാ പ്രാദേശിക കണക്റ്റിവിറ്റി പദ്ധതികളും സുതാര്യവും സാമ്പത്തികമായി പ്രായോഗികവും എല്ലാവരെയും ഉൾക്കൊള്ളുന്നതും ആയിരിക്കണമെന്നും, കൂടാതെ എല്ലാ അംഗരാജ്യങ്ങളുടെയും ദേശീയ പരമാധികാരത്തെയും പ്രാദേശിക അഖണ്ഡതയെയും കർശനമായി മാനിക്കുന്നവയായിരിക്കണമെന്നും MoS ആവർത്തിച്ചു വ്യക്തമാക്കി.

3. 7-ാമത് CICA ഉച്ചകോടി ബാകു പ്രഖ്യാപനം അംഗീകരിച്ചു. ഏഷ്യയിലെ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള വിശ്വാസവർദ്ധക നടപടികളുടെ എല്ലാ തലങ്ങളിലും, പരസ്പര ബന്ധം, ഡിജിറ്റലൈസേഷൻ, സുസ്ഥിര വളർച്ച എന്നിവയുടെ പ്രാധാന്യം ഈ പ്രഖ്യാപനം എടുത്തുകാട്ടുന്നു.

4. ഏഷ്യയിലുടനീളം എല്ലാവരെയും ഉൾക്കൊള്ളുന്ന സംവാദങ്ങൾ, സമവായം രൂപപ്പെടുത്തൽ, സഹകരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പ്രധാന വേദിയെന്ന നിലയിൽ, CICA-യുടെ സ്ഥാപക അംഗമായ ഇന്ത്യ, CICA പ്രക്രിയയോടുള്ള തന്റെ പ്രതിബദ്ധത തുടരുന്നു.

ന്യൂഡൽഹി

ഒക്ടോബർ 15, 2026